"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - ഭൂമി തരം മാറ്റുന്നതിനായി തെറ്റായി ഈടാക്കിയ തുക തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1379/2024/RDതീയതി,തിരുവനന്തപുരം,12-06-2024

---

പരാമർശം:-

1. ശ്രീ. മാനുവൽ റ്റി. ജെ. 04.10.2021-ൽ എറണാകുളം ജില്ലാ കളക്ടർക്ക് നല്കിയ അപേക്ഷ.
2. ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ആഫീസറുടെ 10.12.2023-ലെ കെ.4 -4093/2020 നം. നടപടിക്രമം.
3. എറണാകുളം ജില്ലാ കളക്ടറുടെ 07.03.2024-ലെ DCEKM/2600/2024-L15 നം. റിപ്പോർട്ട്.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 18.03.2024-ലെ LR/2939/2024-LR(A1) നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

പറവൂർ താലൂക്കിൽ വരാപ്പുഴ വില്ലേജിൽ സർവ്വേ 330/7A-19 ൽ ഉൾപ്പെട്ട 07.37 ആർ വസ്തുവിന്റെ സ്വഭാവ വ്യതിയാനം അനുവദിക്കുന്നതിനായി, ശ്രീ. മാനുവൽ റ്റി. ജെ. എന്ന വ്യക്തിയിൽ നിന്നും തെറ്റായി ഈടാക്കിയ 2,65,320/- രൂപ (രണ്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ്റി ഇരുപത് രൂപ) തിരികെ നൽകുന്നതിനായി പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ റീഫണ്ട് അനുവദിച്ച് ഉത്തരവാകണമെന്ന് പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിട്ടുള്ളതാണ്.

2. പരാമർശം (2) ലെ ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടിക്രമത്തിലും, പരാമർശം (3) ലെ ജില്ലാ കളക്ടറുടെയും, പരാമർശം (4) ലെ ലാൻഡ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ടുകളിലും ചുവടെ ചേർത്ത വസ്തുതകൾ വിശദമാക്കിയിട്ടുള്ളതാണ്.

3. പറവൂർ താലൂക്കിൽ വരാപ്പുഴ വില്ലേജിൽ 330/7A-19 ൽ ഉൾപ്പെട്ട 07.37 ആർസ് വസ്തുവിന്റെ സ്വഭാവ വ്യതിയാനം അനുവദിക്കുന്നതിനായി ശ്രീ. മാനുവൽ റ്റി. ജെ. നൽകിയ അപേക്ഷയിന്മേൽ 2,65,320/- രൂപ (രണ്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ്റി ഇരുപത് രൂപ) ഈടാക്കി സ്വഭാവ വ്യതിയാനം അനുവദിച്ചു കൊണ്ട്, ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ആഫീസർ 10.12.2023-ലെ കെ.4-

4093/2020 നം. നടപടിക്രമം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ തുടർനടപടിയുടെ ഭാഗമായ സ്ഥലപരിശോധനയിൽ അപേക്ഷാവസ്തുവിന്റെ സർവ്വെ നമ്പർ 330/7B ആണെന്നും ആയത് പുരയിടമാണെന്നും ബോദ്ധ്യപ്പെടുകയുണ്ടായി. തുടർന്ന്, പരാമർശം (1) പ്രകാരം എറണാകുളം ജില്ലാ കളക്ടർക്ക് നല്കിയ അപേക്ഷയുടെയുടെ അടിസ്ഥാനത്തിലും ഈ വിഷയത്തിന്മേൽ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)18218/2022 - ന്മേലുള്ള 05.10.2023-ലെ വിധിന്യായ പ്രകാരവും, തെറ്റായ സർവ്വെ നമ്പർ പ്രകാരം ഈടാക്കിയ ഫീസ് ശ്രീ. മാനുവൽ റ്റി. ജെ. - യ്ക്ക് തിരികെ നല്കുന്നതിനായി, പരാമർശം (2) പ്രകാരം ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ആഫീസർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിനാൽ ഈ തുക റീഫണ്ട് ചെയ്ത് ഉത്തരവാകണമെന്നാണ് പരാമർശം (4) ൽ ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിട്ടുള്ളത്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം, പറവൂർ താലൂക്കിൽ വരാപ്പുഴ വില്ലേജിൽ സർവ്വേ 330/7A-19 ൽ ഉൾപ്പെട്ട 07.37 ആർ വസ്തുവിന്റെ സ്വഭാവ വ്യതിയാനം അനുവദിക്കുന്നതിനായി, ശ്രീ. മാനുവൽ റ്റി. ജെ. നല്കിയിരുന്ന അപേക്ഷ പരിഗണിച്ച്, ഫീസിനത്തിൽ 2,65,320/- രൂപ (രണ്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ്റി ഇരുപത് രൂപ) ഈടാക്കി, ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ആഫീസറുടെ 12.01.2021-ലെ K4-4093/2020/Kdis നടപടിക്രമം പ്രകാരം സ്വഭാവ വ്യതിയാനം അനുവദിച്ചുവെങ്കിലും, പരാമർശം (2) പ്രകാരമുള്ള റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടിക്രമത്തിലും പരാമർശം (3) - ലെ എറണാകുളം ജില്ലാ കളക്ടറുടെയും പരാമർശം (4) - ലെ ലാൻഡ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ടുകളിലും വിശദമാക്കിയിട്ടുള്ള വസ്തുതകളിൽ നിന്നും, പ്രസ്തുത ഭൂമിയുടെ യഥാർത്ഥ സർവ്വെ നമ്പർ 330/7B ആണെന്നും ആയത് 'പുരയിടം' ആണ് എന്നതിനാൽ സ്വഭാവ വ്യതിയാനം അനുവദിക്കേണ്ട ആവശ്യമില്ലെന്നും ബോദ്ധ്യമായിട്ടുള്ളതാണ്.

5. മേൽ സാഹചര്യത്തിൽ, ശ്രീ. മാനുവൽ റ്റി. ജെ., തൈപ്പറമ്പിൽ, വരാപ്പുഴ എന്നയാളിൽ നിന്നും ഭൂമിയുടെ സ്വഭാവ വ്യതിയാനത്തിനായി ഫീസ് ഇനത്തിൽ തെറ്റായി ഈടാക്കിയ 2,65,320/- രൂപ (രണ്ട് ലക്ഷത്തി അറുപത്തയ്യായിരത്തി മുന്നൂറ്റി ഇരുപത് രൂപമാത്രം), റീഫണ്ട് ചെയ്യുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ശ്രീ. മാനുവൽ റ്റി. ജെ., S/o ജോസഫ്, തൈപ്പറമ്പിൽ, തുണ്ടത്തംകടവ്, വരാപ്പുഴ.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം.
സബ് കളക്ടർ, ഫോർട്ട് കൊച്ചി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Suchitra S S

സെക്ഷൻ ഓഫീസർ

Date: 13-06-2024 15:38:52